പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5115 | 30.06.2014-ൽ മറുപടിക്ക്.

## പോലീസ് സേനയിൽ വാങ്ങിയ വാഹനങ്ങൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പോലീസ് വകുപ്പിൽ എത്ര വാഹനങ്ങൾ വാങ്ങി; ആയതിന്റെ ഫലമായി ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ; | : | (എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പോലീസ് വകുപ്പിനായി 1068 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന് 69, 95, 34, 225.00 രൂപ (അറുപത്തൊമ്പത് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി മുപ്പത്തി നാലായിരത്തി ഇരുനൂറ്റി ഇരുപത്തിയഞ്ച് രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ഈ കാലയളവിനുള്ളിൽ വകുപ്പിന്റെ എത്ര വാഹനങ്ങൾ ലേലം ചെയ്തു; ആയതുവഴി എത്ര തുക ലഭിച്ചു; വ്യക്തമാക്കുമോ; | : | (ബി) ഈ കാലയളവിൽ 277 വാഹനങ്ങൾ ലേലം ചെയ്തിട്ടുണ്ട്. ആയത് വഴി 2, 92, 73,205 രൂപ (രണ്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി എഴുപത്തി മൂവായിരത്തി ഇരുനൂറ്റി അഞ്ച് രൂപ) ലഭിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് നിലവിൽ എത്ര പോലീസ് വാഹനങ്ങൾ ഉപയോഗശൂന്യമായതായിട്ടുണ്ട്; | : | (സി) 491 വാഹനങ്ങൾ ഉപയോഗശൂന്യമായതായിട്ടുണ്ട്. |
| (ഡി) മുഖ്യമന്ത്രിയടക്കം, മന്ത്രിമാരുടെ എസ്കോർട്ടിനായി എത്ര വാഹനങ്ങൾ വിട്ടുനൽകിയിട്ടുണ്ട്; ഏതൊക്കെ മന്ത്രിമാർക്ക് എത്ര വാഹനങ്ങൾ വീതമെന്ന് വ്യക്തമാക്കുമോ; | : | (ഡി) മുഖ്യമന്ത്രിയടക്കം, മന്ത്രിമാരുടെ എസ്കോർട്ടിനായി 7 വാഹനങ്ങൾ നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ എസ്കോർട്ടിനായി രണ്ടു വാഹനങ്ങളും ആഭ്യന്തര വകുപ്പ് മന്ത്രിയുടെ എസ്കോർട്ടിനായി ഒരു വാഹനവും, വ്യവസായം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ജല സേചനം എന്നീ മന്ത്രിമാരുടെ എസ്കോർട്ട് ഡ്യൂട്ടിയ്ക്കായി ഓരോ വാഹനങ്ങൾ വീതവും ഉപയോഗിച്ചു വരുന്നു. |

| | |
|---|---|
| (ഇ) പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങൾ സ്വകാര്യ ആവശ്യത്തിന് പോലീസ് വാഹനം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) എങ്കിൽ ഏതൊക്കെ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചു; എപ്രകാരമുള്ള നടപടിയാണെന്ന് വ്യക്തമാക്കുമോ? | (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ